**File No.TCPCTP/3206/2019-D1**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>

<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - വയനാട് ജില്ല പനമരം ഗ്രാമപഞ്ചായത്ത് അഞ്ചുകുന്ന് വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പനമരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/11/2019 ലെ എ 2/12733/2019 നമ്പർ കത്ത്.

2. വയനാട് ജില്ലാ ടൗൺ പ്ലാനറുടെ 19/12/2019 ലെ TCPWYD/904/19-C നമ്പർ കത്ത്

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/3206/2019 -D1 തീയതി:**09/01/2020**

---

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അഞ്ചുകുന്ന് വില്ലേജിൽ റീ സർവ്വേ നമ്പർ 193/3, 9, 10, 12, 28 എന്നിവയിൽപ്പെട്ട 0.3064 ഹെക്ടർ സ്ഥലത്ത് 276.28. sq.m (സെയിൽസ് ബിൽഡിംഗ് 36.28 sq.m+ കനോപ്പി 240sq.m)വിസ്തീർണ്ണമുള്ള Group-I occupancy ൽ പ്പെട്ട പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഉസ്മാൻഹാജി, മാനന്തവാടിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. നിർമ്മാണ സ്ഥലത്ത് ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.
5. മാലിന്യ നിർമ്മാർജ്ജനത്തിനും മലിനജല സംസ്കരണത്തിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും മലിനജല സംഭരണം-സംസ്കരണം-പുനരുപയോഗം എന്നിവയക്ക് നിർമ്മാണസ്ഥലത്തുതന്നെ ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

6. നിർമ്മാണത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ഫയർഫോഴ്സ്, എക്സ്പ്ലോസീവ് വകുപ്പ് എന്നിവരിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.
7. നിർമ്മാണത്തോട് അനുബന്ധിച്ചുള്ള മണ്ണ് കുഴിക്കൽ, ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമായ അനുമതികൾ ലഭ്യമാക്കിയിരിക്കേണ്ടതാണ്.
8. നിർമ്മാണാവശ്യത്തിനായി മണ്ണെടുത്തിട്ടുള്ളിടത്ത് സുരക്ഷ ഭിത്തി നിർമ്മിക്കേണ്ടതാണ്.
9. Dispensing unit, sales kiosk എന്നിവ തമ്മിൽ 7.5 മീറ്റർ അകലം കാണിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്തേയ്ക്ക് 1 മീറ്റർ വീതിയിൽ plinth projection ഉദ്ദേശിക്കുന്നതിനാൽ പ്രസ്തുത അകലത്തിൽ കുറവ് വരുന്നു. ആയതിനാൽ അധിക plinth projection ഒഴിവാക്കേണ്ടതാണ്.
10. നിർമ്മാണത്തോട് അനുബന്ധിച്ച് ചട്ടപ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
11. surface drainage – ന് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്.
12. ഭൂഗർഭ ടാങ്കിന്റെ നിർമ്മാണം 1976 ലെ കേരള പെട്രോളിയം റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
13. നിർമ്മാണസ്ഥലത്ത് ഹരിതാഭ നിലനിർത്തുന്നതിലേക്കായി ഉചിതമായ മരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണ്
14. ജില്ലയിൽ പെട്രോൾപമ്പുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹു. ദേശീയ ഹരിതട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം നിർമ്മാണം
15. വിവിധ NOC കളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 4/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
പനമരം ഗ്രാമപഞ്ചായത്ത് , വയനാട്

പകർപ്പ്:-

1. ശ്രീ. ഉസ്മാൻഹാജി, കോംബിവീട്, മാനന്തവാടി, കെല്ലൂർ.പി.ഒ, വയനാട്– 670645
2. ടൗൺ പ്ലാനർ, വയനാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ